നമ്പർ: 78/2023

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

മലങ്കരസഭയെ മേയിച്ചു ഭരിച്ച ശ്രേഷ്ഠ മഹാപുരോഹിതനും, മലങ്കര നസ്രാണികളുടെ തലവനുമായിരുന്ന നാലാം മാർത്തോമ്മായുടെ 295-ാം ഓർമ്മപ്പെരുന്നാൾ 2023 മാർച്ച് മാസം 22 മുതൽ 25 വരെ തീയതികളിൽ ആ പുണ്യപിതാവ് കബറടങ്ങിയിരിക്കുന്ന കണ്ടനാട് സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ സമുചിതമായി കൊണ്ടാടുകയാണ്.

പ. സഭയുടെ വിശ്വാസം ഭംഗംകൂടാതെ കാത്തുസൂക്ഷിച്ച് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ ആ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ചടങ്ങുകളിൽ, വിശേഷിച്ച് പ്രധാന പെരുന്നാൾ ദിവസമായ 25-ാം തീയതി രാവിലെ നമ്മുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെടുന്ന വി. കുർബ്ബാനയിൽ, ഏവരും നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 മാർച്ച് മാസം 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.